Newspaper : Suprabhatham

Date : 28.08.2026

# മത്സ്യബന്ധന സഹകരണം ശക്തിപ്പെടുത്താൻ സീഷെൽസ് പ്രതിനിധിസംഘം

**കൊച്ചി** ▸ സീഷെൽസിന്റെ മത്സ്യബന്ധനം, കൃഷി, നീല സമ്പദ്വ്യവസ്ഥ മന്ത്രി (ബ്ലൂ ഇക്കോണമി) വാലസ് കോസ്ഗ്രോയുടെ നേതൃത്വത്തിലുള്ള ഏഴംഗ പ്രതിനിധിസംഘം ഐ.സി.എ.ആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി സന്ദർശിച്ചു. ഔദ്യോഗിക ഇന്ത്യാ സന്ദർശനത്തിന്റെ ഭാഗമായിരുന്നു സന്ദർശനം. ഐ.സി.എ.ആർ സിഫ്റ്റിലെ ഡയരക്ടറുമായും മുതിർന്ന ശാസ്ത്രജ്ഞരുമായും പ്രതിനിധിസംഘം മത്സ്യബന്ധന സാങ്കേതികവിദ്യ, മത്സ്യസംസ്കരണം, ഗുണനിലവാര ഉറപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തി.സീഷെൽസിന്റെ സമ്പദ് വ്യവസ്ഥയുടെ രണ്ടാമത്തെ പ്രധാന അടിത്തറയാണ് മത്സ്യബന്ധനം. പ്രധാനമായും ട്യൂണ ഉൾപ്പെടെയുള്ള കരയിലെത്തിക്കുന്ന മത്സ്യത്തിൽ നിന്ന് പരമാവധി വരുമാനം നേടുകയാണ് രാജ്യത്തിന്റെ ലക്ഷ്യം. അതിനാൽ വിളവെടുപ്പാനന്തര പരിപാലനത്തിന് വലിയ പ്രാധാന്യമുണ്ട്. വിവിധ തലങ്ങളിലുള്ള വികസനത്തിന് ഇരു രാജ്യങ്ങൾക്കും ഗുണകരമായ സഹകരണത്തിന് വലിയ സാധ്യതകളുണ്ടെന്നും സന്ദർശനത്തിനിടെ സീഷെൽസിന്റെ മന്ത്രി വാലസ് കോസ്ഗ്രോ പറഞ്ഞു.